**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1156 11.06.2019 – ൽ മറുപടിക്ക്**

**ആലപ്പുഴ_ചങ്ങനാശ്ശേരി_റോഡ്**

**ചോദ്യം**

**ശ്രീ.സി.എഫ്.തോമസ് :**

**മറുപടി**

**ശ്രീ. ജി. സുധാകരൻ**

**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) ആലപ്പുഴ ചങ്ങനാശ്ശേരി റോഡ് പൂർണ്ണമായും പുതുക്കി പണിയുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എ) ഉണ്ട്

(ബി) ഈ പദ്ധതിയിൽ എന്തൊക്കെ പണികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) കൂടുതൽ താഴ്ന്ന സ്ഥലങ്ങളിൽ ലോ ലെവൽ എലിവേറ്റഡ് ഹൈവേയും ബാക്കി സ്ഥലങ്ങളിൽ വെള്ളപ്പൊക്കത്തിന്റെ ഉയര വ്യത്യാസത്തിനനുസരിച്ച് ഉയർത്തി പണിയുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. കൂടാതെ വീതികുറഞ്ഞതും, പൊക്കം കുറഞ്ഞതുമായ കലുങ്കുകൾ വീതികൂട്ടുകയോ വീതികൂട്ടി പുനർ നിർമ്മിക്കുകയോ ചെയ്യുന്നതിനാണ് വിഭാവനം ചെയ്യുന്നത്.

(സി) പ്രസ്തുത റോഡിൽ പെരുന്നയ്ക്ക്സമീപമുള്ള ആവണി കലുങ്കിന് ആവശ്യമായ ഉയരവും വീതിയും ഇല്ലാത്തത് മൂലം ഈ ഭാഗത്ത് മഴക്കാലത്ത് റോഡിൽ വെള്ളം കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ഡി) ഈ കലുങ്കിന്റെ വീതിയും ഉയരവും വർദ്ധിപ്പിക്കാനുള്ള ജോലിയും പ്രസ്തുത പദ്ധതിയിൽപെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ ?

(ഡി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഇക്കാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ